പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1089 21.03.2013-ൽ മറുപടിക്ക്.

## സ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്കൂൾ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് പ്രൈമറി തലം മുതൽ എന്തെല്ലാം കാര്യങ്ങളാണ് നടത്തിവരുന്നത് വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നാല് ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഒളിമ്പ്യാഡ്, ഇംഗ്ലീഷ് കാർണിവൽ, ഇംഗ്ലീഷ് ഫെസ്റ്റിവൽ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് മുതലായവ നടത്തുന്നുണ്ട്. കൂടാതെ ഇംഗ്ലീഷ് അദ്ധ്യാപകരുടെ പരിജ്ഞാനം മെച്ചപ്പെ-ടുത്തു ന്നതിനായി, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലുള്ള ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ ഓറിയന്റേഷൻ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ് പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം, മെറ്റീരിയൽ ഡെവലപ്മെന്റ് സെമിനാർ, എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. |

കേരളത്തിൽ ഇ.എഫ്.എൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനം അദ്ധ്യാപകർക്കായി വിവിധ പരിശീലനങ്ങളും, സെമിനാറും നടത്തുന്നുണ്ട്. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് സൗത്ത് ഇൻഡ്യ എന്ന സ്ഥാപനം കേരളത്തിലെ പ്രൈമറി, ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ഒരു വർഷത്തിൽ രണ്ട് പ്രാവശ്യം 30 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ട്. ഒന്ന്, രണ്ട്, ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിനായി എസ്.സി.ഇ.ആർ.റ്റി വികസിപ്പിച്ചെടുത്ത കുട്ടികൾക്കുളള ഒരു ഇന്ററാക്ടീവ് ഡി.വി.ഡി സൗജന്യമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

Kumar Pala
സെക്ഷൻ ഓഫീസർ